# കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്
## അയ്യമ്പിള്ളി പി.ഒ., എറണാകുളം-682501
## ഫോൺ-04842488236

**ഐ.സി.ഡി.എസ്.-1/19-20** **തീയതി. 03.10.2019**

## ഇ ടെണ്ടർ നോട്ടീസ്

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് 2019-20 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതി നിർവ്വഹണത്തിന്റ ഭാഗമായി താഴെപറയും പ്രകാരം വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി അംഗീകൃത മുൻപരിചയമുള്ള സ്ഥാപനങ്ങൾ/കരാറുകാരിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നം | പദ്ധതിയുടെ നമ്പർ, പേര് | നിരത ദ്രവ്യം | ഫോറ വില | സ്പെസിഫിക്കേഷൻ |
|---|---|---|---|---|
| 1 | നം.58/20 വയോജനങ്ങൾക്ക് കട്ടിൽ ജനറൽ അടങ്കൽതുക – 565500/- | 5660/-രൂപ | 200+ 12% ജി.എസ് .ടി.+1% പ്രളയ സെസ്സ് | കട്ടിലിന്റെ നീളം -1.98 മീറ്റർ, വീതി-90സെ.മീ., മുൻകാൽ നീളം-60 സെ.മീ., പിൻകാൽ നീളം-50 സെ.മീ., കട്ടിലിൽ 8 മി.മീറ്റർ പ്ലൈവുഡ്, പരമാവധി യൂണിറ്റ് വില - 4300/- (എല്ലാ നികുതികളും ഉൾപ്പെടെ) |

**ദർഘാസുകൾ ഓൺലൈൻ ആയി സമർപ്പിക്കാവുന്ന അവസാന തീയതി- 25.10.2019 3.00 പി.എം.**

**ദർഘാസുകൾ തുറന്ന് പരിശോധിക്കുന്ന തീയതി- 28.10.2019 3.30 പി.എം.**

വിശദവിവരങ്ങൾ പഞ്ചായത്ത് ഓഫീസിൽ നിന്നും പ്രവൃത്തിദിനങ്ങളിൽ ലഭ്യമാണ്.

### പൊതുനിബന്ധനകൾ

1. 200/-രൂപ മുദ്രപത്രത്തിലുള്ള പ്രാഥമികകരാർ, ജി.എസ്.ടി രജിസ്ട്രേഷൻ വിവരങ്ങളുടെ പകർപ്പ് കട്ടിലിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം എന്നിവ ഇ-ടെണ്ടർ സമർപ്പിക്കുമ്പോൾ അപ് ലോഡ് ചെയ്തിരിക്കണം . നികുതി ഉൾപ്പെടെയുള്ള ഒരു യൂണിറ്റിന്റെ നിരക്കാണ് രേഖപ്പെടുത്തേണ്ടത്.

2.ടെണ്ടർ സ്വീകരിക്കുന്ന ദിവസം അവധിയായാൽ തൊട്ടടുത്ത പ്രവൃത്തിദിവസം ആയത് സ്വീകരിക്കുന്നതാണ്. ടെണ്ടറുകൾ തപാലിലാണ് അയക്കുന്നതെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ രജിസ്റ്റർ ചെയത് അയക്കേണ്ടതാണ്. തപാലിലുണ്ടാകുന്ന കാലതാമസത്തിന് സ്വീകരിക്കുന്നയാൾ ഉത്തരവാദിയായിരിക്കുകയില്ല.

4. ഉന്നത നിലവാരത്തിലുള്ള സാധനസാമഗ്രികൾ/ ഉല്പന്നങ്ങൾ വിതരണം ചെയ്യേണ്ടതും ആയതിന്റെ ഗുണമേന്മ കരാറുകാരൻ ഉറപ്പുവരുത്തേണ്ടതുമാണ്. സാധനസാമഗ്രികൾ നിർവഹണഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന സ്ഥലത്ത് കൃത്യസമയത്തിനുള്ളിൽ എത്തിച്ചു നൽകേണ്ടതാണ്.

5. ടെണ്ടർ അംഗീകരിക്കുന്ന മുറയ്ക്ക് 200/-രൂപ മുദ്രപത്രത്തിൽ വിശദമായ കരാർ ഉടമ്പടി വെക്കേണ്ടതും സെക്യൂരിറ്റി ഡെപ്പോസിറ്റായി കരാർ തുകയുടെ 5% തുക അടക്കേണ്ടതുമാണ്. കരാറുകാരനിൽ നിന്ന് നിലവിലുള്ള നിരക്കിലുള്ള നിയമാനുസൃതനികുതികൾ (ഐ.ടി., ജി.എസ്.ടി. എന്നിവ) ഈടാക്കുന്നതാണ്.

6. ടെണ്ടറുകൾ അംഗീകരിക്കുന്നതിനും യാതൊരുകാരണവും കൂടാതെ നിരസിക്കുന്നതിനും പഞ്ചായത്ത് കമ്മറ്റിക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

7. ടെണ്ടർ സംബന്ധിച്ച കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും, പ്രൊക്വയർമെന്റ് മാനുവലും സർക്കാർ നിബന്ധനകളും ഉത്തരവുകളും ബാധകമായിരിക്കും. മുൻവർഷങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്തുമായി ബാധ്യതപ്പെട്ടവരോ, കാരാർ ലംഘനം നടത്തിയിട്ടുള്ളവരോ ടെണ്ടറിൽ പങ്കെടുക്കുന്നതിന് അർഹരല്ല.

8.ടെണ്ടർ ഫോറ വില, ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയിൽ സർക്കാരിൽ നിന്നും ഇളവ് നേടിയിട്ടുള്ളവർ ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

ഐ.സി.ഡി.എസ്.സൂപ്പർവൈസർ

കുഴുപ്പിള്ളിഗ്രാമപഞ്ചായത്ത്

Signature Not Verified

Digitally signed by Sindhu V Sankar
Date: 2019.10.04 11:18:19 IST
Location: Kerala